(സി) സംസ്ഥാന ജനസംഖ്യയുടെ 1.62 ശതമാനം സംസ്ഥാന ജീവനക്കാരാണ്.

7 (2305) സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചവർ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി സംസ്ഥാനത്തെ വിവിധ വകുപ്പുകളിലും സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇനം തിരിച്ച് വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്ര റാങ്ക് ലിസ്റ്റുകൾ ഈ സർക്കാരിന്റെ കാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികയിൽ നിയമനം നടത്തുന്നതിനായാണ് റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; ഈ റാങ്ക്‌ലിസ്റ്റുകളിൽനിന്നും ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ആകെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) ഓരോ വർഷത്തേയും ഇനം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർവ്വീസിലും വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ബോർഡുകളിലും കോർപ്പറേഷനുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലുമായി എത്രപേരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(എഫ്) ഓരോ സ്ഥാപനത്തിലും നടത്തിയ നിയമനം, നിയമനം നടത്തിയ രീതി തുടങ്ങിയ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(എഫ്)വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-99 വരെ പി.എസ്.സി വഴി 74293 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 72989 പേർക്കും വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി നിയമനം നൽകിയിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

8 (2307) ജനസേവന കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതിയതായി ആരംഭിക്കുന്ന 'ജനസേവന കേന്ദ്ര'ത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇത് പൊതുജനങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെടുമെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനസേവന കേന്ദ്രങ്ങൾ സംസ്ഥാനത്ത് ഏതൊക്കെ കേന്ദ്രങ്ങളിൽ പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ജനസേവന കേന്ദ്രങ്ങൾ താലൂക്ക് ആസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ ഇവ എന്നത്തേക്ക് പ്രവർത്തനം തുടങ്ങുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ)&(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവരസാങ്കേതികനയത്തിൽ വിവര വിനിയമ വിദ്യ പ്രയോജനപ്പെടുത്തി സർക്കാരിന്റെ സേവനം പൊതുജനങ്ങളിലേയ്ക്ക് അവർക്ക് വഹിക്കാവുന്ന ചെലവിൽ എത്തിക്കുമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. അതിനനുസരണമായി പൊതുജനങ്ങൾക്ക് നിത്യജീവിതത്തിൽ അവശ്യം വേണ്ടുന്ന സേവനം നൽകുന്ന വിവിധ വകുപ്പുകളുടെ സേവനരംഗം, വിവരവിനിമയ സാങ്കേതികതയിലൂടെ ഒരു സ്ഥലത്തുനിന്നും തന്നെ ലഭ്യമാക്കുക എന്നതാണ് മുഖ്യമായ ലക്ഷ്യം. പ്രസ്തുത കേന്ദ്രം രാവിലെ 9 മുതൽ വൈകിട്ട് 8 മണിവരെ പ്രവർത്തിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സാധാരണ ഓഫീസ് സമയത്തിന് മുമ്പും പിൻപും കേന്ദ്രം പ്രവർത്തിക്കുമെന്നതിനാൽ കമ്പനി/ഓഫീസ് ജീവനക്കാർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. കൂടാതെ പല ഓഫീസുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെല്ലാം അടയ്ക്കേണ്ടതായ ഫീസ്, നികുതി തുടങ്ങിയവ ഒരാൾക്ക് ഒരേ കൗണ്ടറിൽനിന്നും അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാക്കുന്നതിനാൽ പല ഓഫീസുകൾ കയറിയിറങ്ങേണ്ട ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്.

(സി)&(ഡി) സമഗ്രസേവന കേന്ദ്രം തിരുവനന്തപുരം നഗരസഭാതിർത്തിക്കുള്ളിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പരീക്ഷണാർത്ഥം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം മറ്റു സ്ഥലങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

9 (2308) ഇന്റർവ്യൂവിന് വിളിക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. കെ.എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അർഹത നിശ്ചയിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തുമ്പോൾ ഇന്റർവ്യൂവിന് വിളിക്കപ്പെടുന്നതിന് അർഹത നേടുന്നവരെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ബി) എഴുത്തുപരീക്ഷ കഴിഞ്ഞ് ഇന്റർവ്യൂവിന് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് എപ്രകാരം ആണെന്ന് വിശദീകരിക്കുമോ;

(സി) എഴുത്തുപരീക്ഷയ്ക്കുശേഷം ഒന്നിലധികം കേന്ദ്രങ്ങളിൽവച്ച് ഇന്റർവ്യൂവുള്ള പക്ഷം ഇന്റർവ്യൂവിനായി ഓരോ കേന്ദ്രത്തിലേയും ഉദ്യോഗാർത്ഥികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly